കവർസ്റ്റോറി

ഫൈസൽ മഞ്ചേരി

# ഹജ്ജിന്റെ പാഠങ്ങൾ



**ഹജ്ജിനുവേണ്ടി** ലോകമുസ്‌ലിംകൾ മക്കയിൽ സമ്മേളിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങളാണിത്. അല്ലാഹു വിളിച്ചു ചേർത്തിരിക്കുന്ന ലോകമഹാ സമ്മേളനത്തിൽ പങ്കെടുക്കാനായി കരയിലൂടെയും കടലിലൂടെയും ആകാശത്തിലൂടെയും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ജനം മക്കയിലെത്തിയിരിക്കുകയാണ്. അല്ലാഹു പ്രവാചകൻ ഇബ്റാഹീമിനോട് പറഞ്ഞു: "നീ ജനങ്ങളിൽ ഹജ്ജിന് വിളംബരം ചെയ്യുക. അവർ കാൽനടയായും വിദൂരത്തുള്ള സകല മലമ്പാതകൾ താണ്ടിയും മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്തേറിയും നിന്റെ അടുത്ത് വന്നെത്തും" (*അൽഹജ്ജ്* 27).

മുസ്‌ലിം ലോകം മുഴുവൻ മക്കയിലേക്ക് ചുരുങ്ങിയിരിക്കുന്നു. ആകാശത്തു നിന്ന് നോക്കിയാൽ ഒരു കൊച്ചു പനിനീർ പൂവ് വിടർന്നു വരുന്നതു പോലെ. അതിന്റെ മധ്യത്തിലായി കഅബ. ഹജ്ജ് കഴിഞ്ഞ്

മഞ്ഞു തുള്ളിയുടെ നിർമലതയും പനിനീർ പൂവിന്റെ പരിമളവുമായി ഹാജിമാർ മക്ക വിടുമ്പോൻ ഈ കൊച്ചു പൂവ് വിടർന്ന് വികസിക്കുന്നു. അതോടെ ലോകം മുഴുവൻ നന്മയുടെ സുഗന്ധം പരക്കുകയായി. മക്ക 'മിഡിൽ ഈസ്റ്റി'ലാണെന്നാണ് പൊതുവെ പറയാറുള്ളതെങ്കിലും യഥാർഥത്തിൽ ഈ പൗരാണിക നഗരം 'മിഡിൽ എർത്തി'ലാണ്. മക്ക ഭൂമിയുടെ മധ്യത്തിലാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മനസിനും ശരീരത്തിനും കുളിർമ നൽകിക്കൊണ്ട് നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ലോകത്തെ ഏറ്റവും വലിയ അത്ഭുതം മക്കയിലാണ്. കോടിക്കണക്കിന് മനുഷ്യർ കുടിച്ചിട്ടും കുളിച്ചിട്ടും വാരിക്കോരി നാട്ടിലേക്ക് കൊണ്ടുപോയിട്ടും ഒരിക്കലും വറ്റാത്ത തെളിഞ്ഞ നീരുറവ, ഇബ്റാഹീം നബിയുടെ മൂത്ത പുത്രൻ ഇസ്മാഈൽ എന്ന പിഞ്ചു കുഞ്ഞ് വിശന്ന് കരഞ്ഞ് കുഞ്ഞിക്കാലുകൊണ്ട് ഭൂമിയിൽ അടിച്ചപ്പോൾ ദൈവ നിർദേശത്താൽ സ്നേഹപൂർവം ചുരത്തിക്കൊടുത്ത ഭൂമിയുടെ മുലപ്പാൽ. സംസം എന്നാണ് ഈ തെളിനീരുറവ അറിയപ്പെടുന്നത്. മക്കയുടെ മാണിക്യമാണത്. ലോകാത്ഭുതങ്ങളിൽ ഒന്നാം സ്ഥാനത്ത് വരേണ്ട വിസ്മയം!

ഹജ്ജ് ദൈവദാസ്യത്തിന്റെ പൂർണരൂപമാണ്. ഹജ്ജിലൂടെ മാനസികമായും ശാരീരികമായും സാമ്പത്തികമായും മനുഷ്യൻ പൂർണമായി അല്ലാഹുവിന് സമർപിക്കുന്നു. എല്ലാ അനുഷ്ഠാനങ്ങളും കൂടിച്ചേർന്ന, ആയുസിലൊരിക്കൽ മാത്രം നിർവഹിക്കേണ്ട ആരാധനയാണ് ഹജ്ജ്. ഇസ്ലാമിലെ പ്രധാന ആരാധനകളായ നമസ്കാരത്തിന്റെയും സകാത്തിന്റെയും നോമ്പിന്റെയും ആത്മീയവും സാമ്പത്തികവും സാമൂഹികവുമായ ഘടകങ്ങൾ ഹജ്ജിൽ സമ്മേളിക്കുന്നതായി കാണാം. ഹജ്ജ് നൽകുന്ന ചില പ്രതീകങ്ങളും ചിത്രങ്ങളും പാഠങ്ങളും നമുക്ക് പരിശോധിക്കാം.

### മരണം

ഹജ്ജിലെ കർമങ്ങൾ ഏറ്റവും കൂടുതൽ പ്രതീകവൽക്കരിക്കുന്നത് മരണത്തെയാണ്. സൂറ *അൽഹജ്ജ്* ആരംഭിക്കുന്നതു തന്നെ അന്ത്യനാളിനെ ഓർമപ്പെടുത്തിക്കൊണ്ടാണ്. രണ്ട് തുണിക്കഷ്ണം മാത്രമാണ് ഹാജിയുടെ വസ്ത്രം. ഒന്ന് ഉടുക്കാനും മറ്റൊന്ന് ചുമലിലൂടെ പുതക്കാനും. ഈ രണ്ട് മുണ്ട് മാത്രമുടുത്ത് ഹാജി ഇഹ്റാമിൽ പ്രവേശിക്കുന്നതോടെ മരണത്തോട് കൂടുതൽ അടുത്തുനിൽക്കുന്നു. മൃതദേഹത്തെ പുതപ്പിക്കുന്ന കഫൻ പുടവയോടാണ് ഇഹ്റാം വസ്ത്രത്തിനു സാമ്യം. രണ്ടിന്റെയും നിറം വെളുപ്പ്, രണ്ടിനും ഭൗതികതയെ സൂചിപ്പിക്കുന്ന കീശകളില്ല. അറഫയിലെ നട്ടുച്ച നേരത്തെ നിൽക്കൽ മരണാനന്തരം പരലോകത്തുള്ള വിചാരണയുടെ ഭൂമിയിലെ റിഹേഴ്സലാണ്. വിചാരണ കാത്തു കഴിയുന്ന ജനങ്ങളുടെ പാരവശ്യത്തിന്റെ ചെറിയ രൂപം അറഫയിലും കാണാം. പ്രജകളുടെ ആവശ്യങ്ങളും ആവലാതികളും കേൾക്കാൻ ഭൂമിയുടെ തൊട്ടടുത്ത ആകാശത്തിലേക്ക് ഇറങ്ങിവരുന്ന പ്രപഞ്ച നാഥൻ! അവങ്കലേക്ക് കൈയുയർത്തികൊണ്ട് വിതുമ്പി കരയുന്ന ജനലക്ഷങ്ങൾ! ഭൗതിക ജീവിതം അവിടെ ഉരുകിയൊലിച്ച് ഇല്ലാതാവുന്നു. ഒരോ ഹാജിയുടെയും ഭൂതകാലം പുനർജനിക്കായി അവിടെ മരിച്ചു തീരുന്നു. അന്ന് രാത്രി ഹാജിമാർ ഉറങ്ങുന്നത് മുസ്ദലിഫയിലെ മരുഭൂമിയിലാണ്. അവിടെ ടെന്റുകളില്ല. താഴെ പരുപരുത്ത ഭൂമിയും മുകളിൽ പ്രതീക്ഷയുടെ ആകാശവും മാത്രം. അതിനിടയിൽ ജനലക്ഷങ്ങൾ ചിന്തോദ്ദീപകമാണ്. മരണത്തെയും പരലോകത്തെയും മനുഷ്യന്റെ നിസ്സാരതയെയും ഭൂമിയിൽ അനുഭവിച്ചറിയാനുള്ള അവസരമാണ് മുസ്ദലിഫ നൽകുന്നത്. ആൾക്കൂട്ടത്തിൽ ഒററപ്പെട്ട പോലെ; പരലോകത്തിലെ

അവസ്ഥ തന്നെ. "നിങ്ങളോരോരുത്തരും നമ്മുടെ അടുത്തേക്ക് ഒറ്റക്കൊറ്റക്ക് വന്നെത്തിയിരിക്കുന്നു. ആദ്യം നാം നിങ്ങളെ സൃഷ്ടിച്ചപോലെ തന്നെ" (*അൽ അൻആം* 94).

## ജീവിതം

പുതിയ ഒരു ജീവിതമാണ് ഹജ്ജ് വിശ്വാസിക്ക് പകർന്നു നൽകുന്നത്. അത് മരണത്തെ മാത്രമല്ല ജീവിതത്തെയും ഓർമിപ്പിക്കുന്നു. മരണവും ജീവിതവും ഒരുമിച്ച് പഠിപ്പിക്കുന്നു. അറഫയിലെ പ്രതീകാത്മകമായ മരണ ശേഷം ഇഹലോകത്ത് പുതിയ ജീവിതം ആരംഭിക്കാനുള്ള അവസരം സത്യവിശ്വാസിക്ക് നൽകുകയാണ് ഹജ്ജ് വഴി അല്ലാഹു ചെയ്യുന്നത്. തികച്ചും ഒരു പുതിയ മനുഷ്യൻ. ഭൂമിയിലേക്ക് പുതുതായി പിറന്നു വീണ ശിശുവിനെപ്പോലെ നിർമല ഹൃദയനും നിഷ്കളങ്കനുമായിരിക്കുമപ്പോഴവൻ. ഒരു നബിവചനം നോക്കുക. "അധർമവും അശ്ലീലതയുമില്ലാതെ ആരെങ്കിലും ഹജ്ജ് ചെയ്താൽ അവൻ മടങ്ങിവരുന്നത് മാതാവ് പ്രസവിച്ച ദിവസത്തെപോലെ പരിശുദ്ധനായിട്ടായിരിക്കും" (ബുഖാരി, മുസ്‌ലിം).

## ജിഹാദ്

ഹജ്ജ് ദൈവമാർഗത്തിലുള്ള സമരമാണ്. മനസ്സുകൊണ്ടും ശരീരം കൊണ്ടും സമ്പത്തുകൊണ്ടുമുള്ള സമരം. ഹജ്ജിലൂടെ സത്യവിശ്വാസി തന്റെ മനസ്സിനെയും ശരീരത്തെയും സമരസജ്ജമാക്കുന്നു. പിശാചിനെതിരെയുള്ള സമരം, ദേഹേഛക്കെതിരെയുള്ള സമരം, തിന്മക്കെതിരെയുള്ള സമരം, എല്ലാ ശത്രുക്കൾക്കെതിരെ ആത്മീയവും ഭൗതികവുമായ സമരം. സമരത്തിന്റെ എല്ലാ ബാലപാഠങ്ങളും അവൻ ഹജ്ജിലൂടെ സ്വായത്തമാക്കുന്നു. കഅബ പ്രദക്ഷിണം ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ അച്ചടക്കമുള്ള ഒരു പട്ടാളക്കാരനാവുന്നു. ചിട്ടയിലും വട്ടത്തിലും അല്ലാഹുവിന്റെ ഭവനത്തെ വലംവെക്കുന്നു. ശാരീരികമായും സമരസജ്ജമാണ് എന്ന സൂചനയാണ് ത്വവാഫിലെ *റംല്* (കുലുങ്ങിയുള്ള നടത്തം), *ഇള്തിബാഅ്* (വലതു ചുമലും മസിലും വെളിവാക്കികൊണ്ടുള്ള നടത്തം) തുടങ്ങിയ കർമങ്ങളിലൂടെ ഹാജി നൽകുന്നത്. മിനായിൽ മൂന്നോ നാലോ ദിവസം നടത്തുന്ന ഹാജിയുടെ കല്ലേറും സൂചിപ്പിക്കുന്നത് നിരന്തര സമരമാണ്. പൂർണ വിരാമമിടാൻ പറ്റാത്ത സമരമായതുകൊണ്ടാണ് മൂന്നോ നാലോ ദിവസം എന്ന് വെച്ചിരിക്കുന്നത് (ദുൽഹജ്ജ് 12നോ 13നോ ഹാജിക്ക് കല്ലേറ് മതിയാക്കി മിനാ വിടാം). ഇനിയും തുടരേണ്ട ഒരു സമരമാണിതെന്ന സന്ദേശമാണത് ഹാജിക്ക് നൽകുന്നത്. കല്ലെറിയുന്നത് പ്രതീകത്തെയാണെങ്കിലും അത് ആദ്യം ചെന്ന് കൊള്ളേണ്ടത് മനസിൽ കുടിയിരിക്കുന്ന ചെകുത്താനിലാണ്. എല്ലാ ചെകുത്താന്മാർക്കുമെതിരിലുള്ള യുദ്ധ പ്രഖ്യാപനമാണ് മിനായിൽ കല്ലേറിലൂടെ ഹാജി പ്രതീകാത്മകമായി നടത്തുന്നത്.

## പ്രയത്നം

ഹജ്ജ് നിരന്തരം കർമം ചെയ്യാനുള്ള ആഹ്വാനമാണ്. അലസനോ സന്ദേഹിക്കോ ഹജ്ജിൽ സ്ഥാനമില്ല. "നീ ഒന്നിൽ നിന്ന് വിരമിച്ചാൽ മറ്റൊരു കർമത്തിൽ നിരതനാവുക"(*അൽ ഇൻശിറാഹ്* 7) എന്ന ഖുർആന്റെ ആഹ്വാനം അക്ഷരംപ്രതി അനുസരിക്കുകയാണ് ഹാജി ചെയ്യുന്നത്. ഹജ്ജിന് ഇഹ്റാം കെട്ടിക്കഴിഞ്ഞാൽ പിന്നെ അവന് വിശ്രമമില്ല. നിരന്തരം ചലിച്ചുകൊണ്ടേയിരിക്കുന്നു. ദുൽഹജ്ജ് 8 ന് ആദ്യം മിനായിലേക്ക്, 9 ന് രാവിലെ അറഫയിലേക്ക്, സൂര്യനസ്തമിച്ചാൽ തിരിച്ച് മുസ്ദലിഫയിലേക്ക്, 10 ന് രാവിലെ വീണ്ടും മിനായിലെത്തി കല്ലെറിയുന്നു, തിരിച്ച് വീണ്ടും മക്കയിലേക്ക്, അവിടെ ജനപ്രവാഹത്തിൽ ലയിച്ച് ത്വവാഫിലേക്ക്. നിരന്തരചലനം

തന്നെ. ത്വവാഫിനിടയിൽ നിൽക്കാനോ വിശ്രമിക്കാനോ സാധ്യമല്ല. നിന്നാൽ കർമ പഥത്തിൽ നിന്ന് നിങ്ങൾക്ക് പുറത്തു പോകേണ്ടിവരും. അതുകൊണ്ട് ആ ജന പ്രവാഹത്തിൽ ഒരു കണ്ണിയായി ദൈവദാസൻ അലിഞ്ഞു ചേരുന്നു. ശേഷം സ്ഥിരോത്സാഹത്തിന്റെയും പ്രതീക്ഷ വറ്റാത്ത നിരന്തര പ്രയത്നത്തിന്റെയും നിത്യ പ്രതീകമായ ഹാജറിന്റെ വഴിയെ സഅ്‌യിലേക്ക് നടന്നടുക്കുന്നു. സഅ്‌യ് എന്ന പദം തന്നെ പ്രയത്നത്തെ കുറിക്കുന്നു. തനിക്കും താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിനും അന്തസ്സാർന്ന നിലനിൽപിന് എന്താണോ ഇല്ലാത്തത് അത് അന്വേഷിച്ചുകൊണ്ടുള്ള നിരന്തര പ്രയത്നം. ത്വവാഫ് വട്ടത്തിലുള്ള ചലനമായിരുന്നുവെങ്കിൽ സഅ്‌യ് നീളത്തിലുള്ള നടത്തമാണ്. അല്ലാഹുവിന്റെ ചാരത്തണയാനുള്ള ഓട്ടം. അവന്റെ സ്നേഹം കിട്ടാനുള്ള ദാഹം. പാപങ്ങൾ മുഴുവൻ പൊറുത്ത് കിട്ടാനുള്ള മോഹം. അവശനും പരവശനുമാണെങ്കിലും നന്മയുടെ തെളിനീർ തേടിയുള്ള അവന്റെ യാത്രയിൽ നിരാശയില്ല. സഅ്‌യ് കഴിഞ്ഞിട്ടും പ്രയാണം തുടരുന്നു. മക്കയിൽ കിടന്നുറങ്ങാൻ നേരമില്ല. മുടിമുറിച്ച് വീണ്ടും മിനായിലേക്ക് തിരിച്ചു പോകണം. അവിടെയാണ് രാത്രി കിടക്കേണ്ടത്. പിന്നീടുള്ള മൂന്ന് ദിവസവും നിരന്തര പ്രയത്നത്തിന്റെ പ്രതീകമായ കല്ലേറ് തന്നെ. കിടന്നുറങ്ങുന്ന സമുദായത്തിന് ഹജ്ജ് നൽകുന്നത് ആലസ്യം വിട്ടെഴുന്നേൽക്കാനുള്ള ആഹ്വാനമല്ലാതെ മറ്റെന്താണ്!

## സമത്വം

ഹജ്ജിൽ ഒരാൾ അവന്റെ സാമ്പത്തികവും ദേശീയവും രാഷ്ട്രീയവും ശാരീരികവുമായ വ്യത്യാസങ്ങളും ഭിന്നതകളും മറന്ന് ഒറ്റക്കെട്ടായി മാറുന്നു. "സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾ മാത്രമാണ്" (*അൽഹുജുറാത്ത്* 10) എന്ന ഖുർആനിക പ്രഖ്യാപനത്തിന്റെ ജീവിക്കുന്ന ഉദാഹരണം. രാജാവിനും പ്രജക്കും ഒരേ വേഷം. പണക്കാരനും പാവപ്പെട്ടവനും ഒരേ മന്ത്രം. ഹജ്ജിൽ മനുഷ്യസമത്വം അനുഭവവും അനുഭൂതിയുമായി മാറുന്നു. എല്ലാവരും അക്ഷരാർഥത്തിൽ ഏകോദര സഹോദരങ്ങളെപ്പോലെ പെരുമാറുന്ന അത്യപൂർവ കാഴ്ച. ലോകം നെഞ്ചേറ്റേണ്ട ഗുണപാഠം!

## ചരിത്രം

ഹജ്ജ് ചരിത്രത്തിലേക്കുള്ള ഒരു തിരിഞ്ഞു നടത്തമാണ്. നന്നായി മുന്നോട്ട് കുതിക്കണമെങ്കിൽ സ്വൽപം പിറകോട്ട് നടന്നേ മതിയാവൂ. തിരിഞ്ഞുനോക്കി മുന്നോട്ടുള്ള വഴി കണ്ടെത്തേണ്ടതുണ്ട്. മുന്നോട്ടുള്ള പ്രയാണത്തിന് ഊർജം സംഭരിക്കാൻ വേണ്ടി ചരിത്രത്തിലേക്ക് ഒരു യാത്ര. അങ്ങനെ നാം ആദി പിതാവായ ആദമിന്റെ ചരിത്രത്തിൽ തുടങ്ങി, അന്ത്യ പ്രവാചകനായ മുഹമ്മദ് നബിയിൽ എത്തിച്ചേരുന്നു. ഭൂമിയിൽ എത്തിയ ആദമും ഹവ്വയും കണ്ടുമുട്ടുന്നതും തിരിച്ചറിയുന്നതും *അറഫ*(അറിഞ്ഞു)യിൽ വെച്ചായിരുന്നത്രെ. ഹജ്ജിന്റെ പ്രതീകങ്ങളിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നത് മൂന്നംഗ കുടുംബമാണ്. ത്യാഗത്തിന്റെ മൂർത്തരൂപമായ പ്രവാചകൻ ഇബ്റാഹീം, ധീരതയുടെയും ക്ഷമയുടെയും പെൺരൂപമായ അദ്ദേഹത്തിന്റെ പത്നി ഹാജറ, അനുസരണത്തിന്റെ അനശ്വര മാതൃക തീർത്ത സീമന്ത പുത്രൻ ഇസ്മാഈൽ. ഇവരുടെ ശോഭന ചരിത്രത്തിൽ നിന്നാണ് ഹാജി വെള്ളവും വളവും വലിച്ചെടുക്കുന്നത്. ഇവരുടെ ചരിത്രത്തിലൂടെ കടന്നു പോകാതെ ആർക്കും ഹാജിയാവുക സാധ്യമേയല്ല.

## മത്സരം

ഹജ്ജ് നന്മയിലുള്ള സത്യവിശ്വാസികളുടെ ആരോഗ്യകരമായ മത്സരമാണ്.

''നിങ്ങൾ നന്മയിൽ മത്സരിക്കുക'' (*അൽബഖറ* 148) എന്ന ഖുർആനിന്റെ ആഹ്വാനമാണ് അവർക്ക് പ്രചോദകം. "അല്ലാഹുവിന്റെ പാപമോചനത്തിലേക്കും അതുവഴി സ്വർഗത്തിലേക്കും ഓടി വരിക" (*ആലുഇംറാൻ* 133) എന്ന അല്ലാഹുവിന്റെ ആഹ്വാനവും അവരെ കർമോത്സുകരാക്കുന്നു. സമ്മാനവുമായി അല്ലാഹു കാത്തു നിൽക്കുന്നു എന്നവർ തിരിച്ചറിയുന്നു. "മത്സരിക്കുന്നവർ അത് നേടാൻ മൽസരിക്കട്ടെ" (*അൽമുതഫ്ഫിഫീൻ* 26). എവിടെയും ഈ പുണ്യം കരസ്ഥമാക്കാനുള്ള മത്സര ദൃശ്യങ്ങൾ കാണാം. മറ്റുള്ളവർക്ക് വെള്ളം കൊടുത്തും ഭക്ഷണം കൊടുത്തും പ്രയാസപ്പെടുന്നവരെ സഹായിച്ചും അവർ നന്മയിൽ മത്സരിക്കുന്നു. ത്യാഗം, ക്ഷമ, സ്നേഹം, കാരുണ്യം, പരക്ഷേമതൽപരത, നിഷ്കളങ്കത, വിട്ടുവീഴ്ച, ധീരത തുടങ്ങിയവയൊക്കെ ഇവിടെ എല്ലാ ദിവസവുമുള്ള മത്സര ഇനങ്ങളാണ്.

## ബലി

തനിക്ക് ഏറ്റവും പ്രിയപ്പെട്ട പുത്രനെ ദൈവ പ്രീതിക്കായി ബലിയറുക്കാനൊരുങ്ങിയ ഇബ്റാഹീം നബിയെ മാതൃകയാക്കി ഹാജി ബലിയറുക്കുന്നു. തനിക്ക് പ്രിയപ്പെട്ടതെല്ലാം അല്ലാഹുവിൽ സമർപ്പിക്കുന്നു. അങ്ങനെ ഇബ്റാഹീമിനെയും ഇസ്മാഈലിനെയും പോലെ അവൻ പൂർണ മുസ്ലിമായി മാറുന്നു. തനിക്ക് പ്രിയപ്പെട്ടതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ അർപിച്ചിട്ടില്ലെങ്കിൽ മുസ്ലിമാവുക സാധ്യമല്ലെന്ന് അവൻ തിരിച്ചറിയുന്നു. ചുരുക്കത്തിൽ ഹാജിയെ പൂർണമായി ഉടച്ച് വാർത്ത് പുതിയൊരു മനുഷ്യനായി സൃഷ്ടിച്ചു വിടുന്ന പ്രക്രിയയുടെ പാഠങ്ങളാണ് ഹജ്ജ് ചൊല്ലിത്തരുന്നത്. ■